2025 MAY
09
FRIDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper







# ലഹോറിലും ഇസ്‌ലാമാബാദിലും ഇന്ത്യയുടെ സ്ട്രൈക്ക്

# രണ്ട് യുദ്ധവിമാനങ്ങൾ കൂടി വീഴ്ത്തി, കശ്മീരിൽ പാക്കിസ്ഥാൻ ഡ്രോണുകൾ വെടിവച്ചിട്ടു

## രണ്ട് പാക്കിസ്ഥാൻ പൈലറ്റുമാർ പിടിയിൽ

**ന്യൂഡൽഹി:** പാക്ക് പ്രകോപനത്തിനു മറുപടിയായി ലഹോറിൽ ഇന്ത്യൻ സൈന്യത്തിന്റെ ശക്തമായ തിരിച്ചടി. ഇസ്‌ലാമാബാദിലും ഇന്ത്യ ആക്രമണം നടത്തിയെന്നാണ് വിവരം. ജമ്മുകശ്മീരിലെ നൗഷേര സെക്ടറിൽ ഇന്ത്യൻ ആർമി രണ്ട് പാക്കിസ്ഥാൻ ഡ്രോണുകൾ വെടിവെച്ചിട്ടെന്നു റിപ്പോർട്ട്. അതിർത്തിയിൽ പാക്കിസ്ഥാന്റെ പ്രകോപനം തുടരുകയാണ്. അതിനിടെ, രണ്ട് പാക്കിസ്ഥാൻ പൈലറ്റുമാരെ ഇന്ത്യ പിടികൂടി. രാജസ്ഥാനിലെ ജയ്സാൽമേറിൽനിന്നും കശ്മീരിലെ അഖ്നൂരിൽനിന്നുമാണ് പൈലറ്റുമാരെ പിടികൂടിയത്. നേരത്തെ പാക്കിസ്ഥാന്റെ രണ്ട് യുദ്ധവിമാനങ്ങൾ ഇന്ത്യൻ സൈന്യം വെടിവച്ചിട്ടിരുന്നു. എഫ് 16, എഫ് 17 വിമാനങ്ങളാണ് സൈന്യം തകർത്തത്.



സർഫസ് ടു എയർ മിസൈൽ (സാം) പ്രതിരോധ സംവിധാനം ഉപയോഗിച്ചാണ് യുദ്ധവിമാനം ഇന്ത്യ വെടിവച്ചിട്ടത്. പാക്ക് വ്യോമസേനയുടെ പ്രധാന താവളമായ സർഗോധ വ്യോമത്താവളത്തിൽ നിന്നാണ് എഫ് 16 വിമാനം ഇന്ത്യയെ ആക്രമിക്കാൻ ലക്ഷ്യമിട്ട് പറന്നുയർന്നത്. സർഗോധയ്ക്ക് സമീപം വച്ചുതന്നെ ഇന്ത്യയുടെ സാം പ്രതിരോധ സംവിധാനം യുദ്ധവിമാനം തകർക്കുകയായിരുന്നു. പാക്ക് വ്യോമാക്രമണം നേരിടാൻ എസ് -400, എൽ-70, സു-23, ഷിൽക തുടങ്ങിയ വ്യോമ പ്രതിരോധ സംവിധാനങ്ങൾ ഇന്ത്യ വിന്യസിച്ചിട്ടുണ്ട്. ജമ്മു, പഠാൻകോട്ട് ഉധംപുർ സൈനികത്താവളങ്ങളിൽ പാക്കിസ്ഥാൻ മിസൈൽ, ഡ്രോൺ ആക്രമണശ്രമം നടത്തിയെന്നും എന്നാൽ ആർക്കും ജീവഹാനിയുണ്ടായിട്ടില്ലെന്നും ഇന്ത്യൻ സൈന്യം പ്രസ്താവനയിൽ അറിയിച്ചു.

കശ്മീരിലും രാജസ്ഥാനിലും പഞ്ചാബിലുമായി ഒട്ടേറെ ഡ്രോണുകളും മിസൈലുകളും ഇന്ത്യൻ വ്യോമ പ്രതിരോധ സംവിധാനങ്ങൾ തകർത്തു. സംഘർഷ സാഹചര്യം വിലയിരുത്താൻ പ്രതിരോധ മന്ത്രി രാജ്നാഥ് സിങ്ങിന്റെ നേതൃത്വത്തിൽ യോഗം ചേർന്നു. മൂന്ന് സേനകളുടെയും മേധാവിമാരും സംയുക്ത സൈനിക മേധാവിയും യോഗത്തിൽ പങ്കെടുത്തു. പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ ഫോണിൽ വിളിച്ച് സ്ഥിതിഗതികൾ ധരിപ്പിച്ചു.

ജമ്മുവിൽ പാക്കിസ്ഥാൻ നടത്തിയ ഡ്രോൺ, മിസൈൽ ആക്രമണശ്രമം ഇന്ത്യ തകർത്തതിനു പിന്നാലെയാണ് യുദ്ധവിമാനവും വെടിവച്ചിട്ടത്. ജമ്മു വിമാനത്താവളം ലക്ഷ്യമിട്ടായിരുന്നു പാക്ക് ആക്രമണശ്രമം. അതേസമയം, വിമാനത്താവളത്തിന് എന്തെങ്കിലും തരത്തിലുള്ള കേടുപാടുകളുണ്ടോയെന്നതിൽ വ്യക്തതയില്ല. വ്യോമസേനയുടെ താവളവും ജമ്മു വിമാനത്താവളത്തിൽ പ്രവർത്തിക്കുന്നുണ്ട്. അമ്പതോളം ഡ്രോണുകളും എട്ട് പാക്ക് മിസൈലുകളുമാണ് റഷ്യൻ നിർമിത എസ്-400 ഉൾപ്പെടെയുള്ള വ്യോമ പ്രതിരോധ സംവിധാനങ്ങളുപയോഗിച്ച് ഇന്ത്യ തകർത്തത്. ജമ്മുവിൽ മൊബൈൽ ഫോൺ സേവനം തടസ്സപ്പെട്ടു.

# പാക്കിസ്ഥാനിലെ ക്വറ്റ പിടിച്ച് ബിഎൽഎ, തെരുവിലിറങ്ങി ജനങ്ങൾ

**ന്യൂഡൽഹി:** ഇന്ത്യ ശക്തമായ പ്രത്യാക്രമണം ആരംഭിച്ചതിനു പിന്നാലെ പാക്കിസ്ഥാന് പ്രതിസന്ധി സൃഷ്ടിച്ച് ആഭ്യന്തര സംഘർഷവും. പാക്കിസ്ഥാനിലെ ബലൂചിസ്ഥാൻ പ്രവിശ്യയിലെ ക്വറ്റ ബലൂച് ലിബറേഷൻ ആർമി (ബിഎൽഎ) സായുധ സംഘടന പിടിച്ചെടുത്തു. ഏതാനും ദിവസങ്ങളായി ബിഎൽഎ പാക്കിസ്ഥാൻ സൈന്യത്തിന് നേരെ തുടർച്ചയായി ആക്രമണങ്ങൾ നടത്തിവരികയായിരുന്നു.



ചൊവ്വാഴ്ച ബിഎൽഎ നടത്തിയ ആക്രമണത്തിൽ 14 പാക്ക് സൈനികരാണ് കൊല്ലപ്പെട്ടത്. ബലൂച് വിമോചന പോരാട്ടം അടിച്ചമർത്താൻ പാക്കിസ്ഥാൻ ഏറെ കാലമായി ശ്രമിച്ചുവരികയാണ്. പാക്കിസ്ഥാന്റെ പ്രകോപനത്തിന് ഇന്ത്യ ശക്തമായ തിരിച്ചടി ആരംഭിച്ചതിനു പിന്നാലെ ക്വറ്റയിൽ ബിഎൽഎയും ആക്രമണം കടുപ്പിക്കുകയായിരുന്നു.

ഇതിനിടെ, മുൻ പ്രധാനമന്ത്രി ഇമ്രാൻ ഖാന്റെ തെഹ്‌രികെ ഇൻസാഫ് പാർട്ടി പ്രവർത്തകർ സർക്കാരിനെതിരെ തെരുവിലിറങ്ങി.

പാകിസ്ഥാനിൽ ഇന്ത്യ കനത്ത തിരിച്ചടി നടത്തുന്നതിനിടെ ലാഹോറിലാണ് തെഹ്‌രികെ ഇൻസാഫ് പാർട്ടി പ്രവർത്തകർ തെരുവിലിറങ്ങിയത്. ഇമ്രാൻ ഖാനെ മോചിപ്പിക്കണം എന്നാണ് ആവശ്യം.

അതേസമയം, ചെനാബ് നദിയിലെ സലാൽ അണക്കെട്ടിന്റെ ഷട്ടർ തുറന്നതോടെ പാക്കിസ്ഥാൻ പ്രളയഭീതിയിലാണെന്നും റിപ്പോർട്ടുകളുണ്ട്.







# എറണാകുളം പ്രസ് ക്ലബ് പ്രഥമ മീഡിയ കലോത്സവം മെയ് 10 ന്

**കൊച്ചി:** എറണാകുളം പ്രസ് ക്ലബ് സംഘടിപ്പിക്കുന്ന പ്രഥമ മീഡിയ കലോത്സവം മെയ് 10 ന് ചാവറ കൾച്ചറൽ സെന്ററിൽ നടക്കും. രാവിലെ എട്ടുമണി മുതൽ ഒൻപത് വരെയാണ് രജിസ്ട്രേഷൻ. 9.15 ന് ചലച്ചിത്ര താരം ഹരിശ്രീ അശോകൻ കലോത്സവം ഉദ്ഘാടനം ചെയ്യുമെന്ന് എറണാകുളം പ്രസ് ക്ലബ്ബ് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. പ്രധാന വേദിയിൽ പ്രസ് ക്ലബ് അംഗങ്ങളുടെ കവിതാ പരായാണത്തോടെയാകും മത്സരം ആരംഭിക്കുക. കുടുംബാംഗങ്ങളും മത്സരത്തിൽ പങ്കെടുക്കും. അംഗങ്ങൾക്കും പങ്കാളികൾക്കുമായി ലളിതഗാനം, സിനിമാഗാനം,കവിത പാരായണം, മാപ്പിളപാട്ട് , ക്യാച് വേഡ് റൈറ്റിംഗ്, സോപോട്ട് ഡാൻസ് എന്നീ ഇനങ്ങളിലാണ് മത്സരം. ലളിതഗാനം, സിനിമാഗാന മത്സരങ്ങൾ പുരുഷ വനിതാ വിഭാഗം തിരിച്ചാണ് നടത്തുക. മറ്റിനങ്ങളിൽ ഒരു വിഭാഗത്തിൽ മാത്രമാകും മത്സരം. കുട്ടികളെ നാല് വിഭാഗമായി തിരിച്ചാണ് മത്സരം. നേഴ്സറി പാട്ട്, കവിത പാരായണം, ലളിതഗാനം,സിനിമാഗാനം, ഫാൻസി ഡ്രസ്, ലൈവ് റിപോർട്ടിംഗ്, സിനിമാറ്റിക് ഡാൻസ് , മാപ്പിളപാട്ട്, പ്രസംഗം , മൊബൈൽ ഫോട്ടോഗ്രഫി എന്നി മത്സരങ്ങളാണ് കുട്ടികൾക്കായി നടത്തുക. ഡാൻസ് ഇനങ്ങളിൽ പ്രത്യേക കോസ്റ്റ്യൂം നിർബന്ധമില്ല. വൈകിട്ട് 5.30 ന് നടക്കുന്ന സമാപന ചടങ്ങിൽ ഹൈബി ഈഡൻ എം.പി, ചലച്ചിത്ര താരം അനുമോൾ തുടങ്ങിയവർ പങ്കെടുക്കും. പ്രസ് ക്ലബ്ബ് സെക്രട്ടറി എം. ഷജിൽ കുമാർ, ജോ. സെക്രട്ടറി ഷബ്ന സിയാദ്, ട്രഷറർ അഷ്റഫ് തൈവളപ്പ്, ജില്ലാ കമ്മിറ്റിയംഗം പി.ഒ ജിഷ എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

## സൗജന്യ കരാട്ടെ പരിശീലനം

**കോലഞ്ചേരി:** ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെയും കോലഞ്ചേരി കരാട്ടെ അക്കാദമിയുടെയും ആഭിമുഖ്യത്തിൽ കോലഞ്ചേരി കരാട്ടെ അക്കാദമിയിൽ വച്ച് മെയ് 10 മുതൽ 20 വരെ സൗജന്യ കരാട്ടെ പരിശീലനം നടത്തപ്പെടുന്നതാണ്. മെയ് പത്തിന് വൈകിട്ട്

നാലുമണിക്ക് പഞ്ചായത്ത് പ്രസിഡണ്ട് ഡീന ദീപക്ക് ഉദ്ഘാടനം നിർവഹിക്കും തുടർന്ന് കോലഞ്ചേരി കരാട്ടെ അക്കാദമി ഇൻ ചാർജ് ഷിഹാൻ ബിജു വി. പീറ്ററിന്റെ നേതൃത്വത്തിൽ പരിശീലനം നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക 79071 69564.

## ട്യൂഷൻ ടീച്ചർമാരെ നിയമിക്കുന്നു

**ആലപ്പുഴ:** കരുമാടിയിൽ പ്രവർത്തിക്കുന്ന പട്ടികജാതി വികസന വകുപ്പിന്റെ പെൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റലിൽ ട്യൂഷൻ നൽകുന്നതിന് അധ്യാപകരെ നിയമിക്കുന്നു.

ഹൈസ്കൂളിൽ ഇംഗ്ലീഷ്, ഹിന്ദി, കണക്ക്, ബയോളജി, ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങൾക്ക് ആറു പേരെ ആവശ്യമുണ്ട്. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദം അല്ലെങ്കിൽ ബിരുദാനന്തര ബിരുദം, ബി. എഡ് ആണ് യോഗ്യത. പ്രൈമറി തലത്തിൽ മൂന്ന് ഒഴിവുകളുണ്ട്.

യോഗ്യത പ്ലസ്ടു അല്ലെങ്കിൽ ടിടിസി, ബി.എഡ്. യോഗ്യതയുള്ളവർ ബയോഡാറ്റാ വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ, പകർപ്പ് എന്നിവ സഹിതം മേയ് 22 ന് രാവിലെ 10 മണിക്ക് അമ്പലപ്പുഴ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ നടക്കുന്ന അഭിമുഖത്തിന് എത്തുക.

അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ താമസിക്കുന്നവർക്ക് മുൻഗണനയുണ്ട്. ഫോൺ: 8547630053.

## മൃഗചികിത്സ വീട്ടുപടിക്കലേക്ക്: മന്ത്രി ജെ.ചിഞ്ചുറാണി

**കൊല്ലം:** ജില്ലയിൽ മൃഗചികിത്സ വീട്ടുപടിക്കലേക്കെത്തുമെന്ന് ക്ഷീര വികസന മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി. സംസ്ഥാനമാകെ ആരംഭിച്ച മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെയും സർജറി യൂണിറ്റുകളുടെയും ഫ്ളാഗ് ഓഫ് ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. 1962 ടോൾ ഫ്രീ കോൾ സെന്റർ നമ്പറിലേക്ക് വിളിച്ചാൽ സേവനം വീട്ടിലെത്തും.



ഇത്തിക്കര, കൊട്ടാരക്കര, ചവറ ബ്ലോക്കുകളിൽ മൊബൈൽ യൂണിറ്റുകളും കൊല്ലം കേന്ദ്രീകരിച്ച് ഒരു സർജറി യൂണിറ്റുമാണ് പ്രവർത്തനം തുടങ്ങുക. പ്രത്യേക പരിശീലനം നേടിയ ഡോക്ടർമാരും ഡ്രൈവർ കം അറ്റൻഡന്റും മൊബൈൽ യൂണിറ്റിൽ ഉണ്ടാവും. ഇവരുടെ തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയായി. ചവറ ബ്ലോക്കിലെ വാഹനം അരിനല്ലൂർ മൃഗാശുപത്രിയിലും ഇത്തിക്കരയിലെ വാഹനം ചാത്തന്നൂർ മൃഗാശുപത്രിയിലും കൊട്ടാരക്കര യൂണിറ്റ് കുഴിക്കാട് വെറ്ററിനറി ഡിസ്പൻസറിയിലുമാണ് ക്യാമ്പ് ചെയ്യുക.

വൈകിട്ട് ആറ് മുതൽ രാവിലെ അഞ്ച് വരെയാണ് പ്രവർത്തനം. വാഹനത്തിൽ സജ്ജമാക്കിയ ക്യൂ ആർ കോഡ് സ്കാൻ ചെയ്ത് കർഷകർക്ക് ബിൽ അടയ്ക്കാം. നിലവിൽ ചടയമംഗലം, അഞ്ചൽ ബ്ലോക്കുകളിൽ മൊബൈൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ പുതിയ സർജറി യൂണിറ്റും ഇതോടൊപ്പം ആരംഭിക്കുമെന്ന് മന്ത്രി പറഞ്ഞു. ബ്ലോക്ക് പഞ്ചായത്തുകൾ പദ്ധതി വിഹിതമുപയോഗിച്ച് മരുന്നുകൾ കൂടി വാങ്ങി നൽകുന്നത് കർഷകർക്ക് ഏറെ ആശ്വാസകരമാകുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡോ. പി കെ ഗോപൻ അധ്യക്ഷനായി. സുജിത്ത് വിജയൻപ്പിള്ള എം.എൽ.എ, ചവറ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സന്തോഷ് തുപ്പാശ്ശേരി, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ. അഭിലാഷ്, നഗരസഭാ കൗൺസിലർ ബി.ഷൈലജ, മൃഗസംരക്ഷണ വകുപ്പ് പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ ഡോ. ഡി ഷൈൻകുമാർ, ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. എ.എൽ അജിത്, ചീഫ് വെറ്ററിനറി ഓഫീസർ ഡോ. എസ് പ്രമോദ്, ഡെപ്യൂട്ടി ഡയറക്ടർ ഡോ. ഷീബ പി. ബേബി, ഡോ. ആർ ബിന്ദു തുടങ്ങിയവർ സംസാരിച്ചു.

## കരാർ നിയമനം

**കൊല്ലം:** സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ കേരളയിൽ റിസർച്ച് അസിസ്റ്റന്റ് തസ്തികയിലേക്ക് കരാർ നിയമനം നടത്തും. യോഗ്യത: സയൻസ്, ഹെൽത്ത്, സോഷ്യൽ സയൻസ് വിഷയങ്ങളിലുള്ള ബിരുദവും, എം.പി.എച്ച്/എം.എസ്.സി നഴ്സിംഗ്/എം.എസ്.ഡബ്ല്യൂ എന്നിവയിലുള്ള ബിരുദാനന്തര ബിരുദം. പ്രായപരിധി 35 വയസ്. മെയ് 15 വൈകിട്ട് അഞ്ചിനകം അപേക്ഷ സമർപ്പിക്കണം. വിവരങ്ങൾക്ക്: www.sshrc.kerala.gov.in ഫോൺ: 0471 2323223


ഡോ. വിനോദ് പത്മനാഭൻ, ഡോ.ജോയിസ് വർഗ്ഗീസ് എം.ജെ, ഡോ. കെ.എസ് പ്രവീൺകുമാർ


## കൊച്ചിൻ ഓർത്തോപീഡിക് സൊസൈറ്റി: ഭാരവാഹികളെ തിരഞ്ഞെടുത്തു

**കൊച്ചി:** കൊച്ചിൻ ഓർത്തോപീഡിക് സൊസൈറ്റി പ്രസിഡന്റായി ഡോ. വിനോദ് പത്മനാഭൻ(എച്ച്ഒഡി ആന്റ് സീനിയർ കൺസൾട്ടന്റ് ഓർത്തോപീഡിക് സർജൻസ്, ശ്രീസുധീന്ദ്ര മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ, എറണാകുളം), സെക്രട്ടറിയായി ഡോ.ജോയിസ് വർഗ്ഗീസ് എം.ജെ (സീനിയർ കൺസൾട്ടന്റ് ഓർത്തോപീഡിക് സർജൻ, ലൂർദ് ഹോസ്പിറ്റൽ, എറണാകുളം), ട്രഷറർ ആയി ഡോ. കെ.എസ് പ്രവീൺകുമാർ( സീനിയർ കൺസൾട്ടന്റ് ഓർത്തോപീഡിക് സർജൻസ്, കിൻഡർ ഹോസ്പിറ്റൽ) എന്നിവരെ തിരഞ്ഞെടുത്തു. ഗുഡ് ഹെൽത്ത് ആന്റ് ഗുഡ് അക്കാഡമിക് എന്നതായിരുന്നു സംഘടനയുടെ ഈ വർഷത്തെ തീം.

## കെ.ആർ.ഗൗരിയമ്മയില്ലാത്ത നാല് വർഷം; അനുസ്മരണം മെയ് 11–ന്

**കൊച്ചി:** കേരള രാഷ്ട്രീയ മണ്ഡലത്തിൽ ആർക്കും എത്തിപ്പിടിക്കാനാവാത്ത വിധം ഏറെ റെക്കോഡുകൾക്ക് ഉടമയാണ് കെ.ആർ.ഗൗരിയമ്മ. സംസ്ഥാനത്തെ ആദ്യ മന്ത്രി സഭാംഗം, ആദ്യ വനിതാ മന്ത്രി, കൂടുതൽ കാലം മന്ത്രിയും നിയമ സഭാംഗവുമായിരുന്ന വനിത, 44 വർഷം നിയമ സഭാംഗം, ഇടത്, വലത് മുന്നണികളിലെ 6 മന്ത്രി സഭകളിലായി 16 വർഷം മന്ത്രി. മികച്ച ഭരണാധികാരി, ഒരേ സമയം ഭാര്യയും ഭർത്താവും മന്ത്രി സഭാംഗങ്ങൾ. സ്വാതന്ത്ര്യലബ്ധിക്കു ശേഷം 1948 മുതൽ 2011 വരെ എല്ലാ നിയമ സഭാ തിരഞ്ഞെടുപ്പുകളിലും മത്സരിച്ച ഏക വ്യക്തി തുടങ്ങി ഒട്ടനവധി റെക്കോഡുകൾക്കും വിശേഷണങ്ങൾക്കും ഉടമായ കെ.ആർ.ഗൗരിയമ്മ വിടവാങ്ങിയിട്ട് മെയ് 11–ന് നാല് വർഷം പൂർത്തിയാകുന്നു. ഗൗരിയമ്മയുടെ നാലാമത് അനുസ്മരണം ജനാധിപത്യ സംരക്ഷണ സമിതി (ജെ.എസ്.എസ്) സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആലപ്പുഴയിലെ റെയ്ബാൻ ഓഡിറ്റോറിയത്തിൽ 11.30ന് നടക്കും. സംസ്ഥാന പ്രസിഡന്റ് പ്രൊഫ. എ.വി.താമരാക്ഷന്റെ അദ്ധ്യതയിൽ കൂടുന്ന അനുസ്മരണ സമ്മേളനം സംസ്ഥാന ജനറൽ സെക്രട്ടറിയും മുൻ എം.എൽ.എയുമായ അഡ്വ.എ.എൻ രാജൻ ബാബു ഉദ്ഘാടനം ചെയ്യും. സംസ്ഥാന ഭാരവാഹികളായ അഡ്വ. സജീവ് സോമരാജൻ, കാട്ടുകുളം സലിം, ബാലരാമപുരം സുരേന്ദ്രൻ, ജയൻ ഇടുക്കി തുടങ്ങിയവർക്ക് പുറമെ പാർട്ടി സെന്റർ അംഗങ്ങളും പങ്കെടുക്കും. അന്നദാനം, വസ്ത്ര വിതരണം ഉൾപ്പെടെയുള്ള വിവിധ പരിപാടികളോടെ മുഴുവൻജില്ലകളിലും അനുസ്മരണ സമ്മേളനങ്ങൾ നടക്കുമെന്ന് ജനറൽ സെക്രട്ടറി അഡ്വ.എ.എൻ.രാജൻ ബാബു പറഞ്ഞു. എറണാകുളം ജില്ലയിലെ അനുസ്മരണ സമ്മേളനം സെന്റ് വിൻസെന്റ് റോഡിലെ പാർട്ടി ഓഫീസിൽ രാവിലെ 9. ജില്ലാ പ്രസിഡന്റ് മധു അയ്യംപിള്ളിയുടെ അദ്ധ്യക്ഷതയിൽ നടക്കും. ഉദ്ഘാടനം ജനറൽ സെക്രട്ടറി അഡ്വ.എ.എൻ.രാജൻ ബാബു നിർവ്വഹിക്കും. ജില്ലാ സെക്രട്ടറി വി.കെ.സുനിൽ കുമാർ മുഖ്യ പ്രഭാഷണം നടത്തും.

## ഇടപ്പള്ളി പള്ളിയിലെ കോഴി നേർച്ചയിൽ പങ്കെടുത്ത് ബെന്നി ബഹനാൻ



**കൊച്ചി:** ഇടപ്പള്ളി പള്ളിയിലെ തിരുനാളിനോടനുബന്ധിച്ച് നടക്കുന്ന പ്രസിദ്ധമായ കോഴി നേർച്ചയിൽ പങ്കാളിയായി ബെന്നി ബെഹനാൻ എംപി. ഇടപ്പള്ളി പെരുനാളിന്റെ കോഴി നേർച്ച അദ്ദേഹം മുടങ്ങാതെ നടത്തിവരുന്നുണ്ട്. ഭാര്യ ഷേർളിക്കും മകൾ വീണക്കുമൊപ്പമാണ് ബെന്നി ബെഹനാൻ എത്തിയത്. നേർച്ചയിൽ പങ്കെടുക്കാനെത്തിയ വിശ്വാസികളെ നേരിൽ കണ്ട് ആശംസ അറിയിച്ച ശേഷമാണ് അദ്ദേഹം കോഴി നേർച്ചയിൽ പങ്കെടുത്തത്.

ഫാ. ബാജിയോ കല്ലൂക്കാടൻ, അൻവർ സാദത്ത് എം എൽ എ, മുൻ മേയർ ടോണി ചമ്മിണി,കെപിസിസി സെക്രട്ടറിമാരായ ടി എം സക്കീർ ഹുസൈൻ, ജയ്ൺസൺ ജോസഫ്, ദീപ്തി മേരി വർഗീസ്, കൗൺസിലർ ആന്റണി പൈനുതറ, ദീപക് ജോയ്, ജോസഫ് അലക്സ് തുടങ്ങിയവർ പങ്കെടുത്തു.



## കെഎംഎ പി. കേശവൻ സ്മാരക ക്യാഷ് അവാർഡ് സമ്മാനിച്ചു

**കൊച്ചി:** മാനേജ്മെന്റ് വിദ്യാഭ്യാസ മേഖലയിലെ മികച്ച പ്രവർത്തനങ്ങൾക്ക് നൽകുന്ന കേരള മാനേജ്മെന്റ് അസോസിയേഷൻ (കെഎംഎ) പി. കേശവൻ സ്മാരക ക്യാഷ് അവാർഡ് സമ്മാനിച്ചു.പ്രഥമ പുരസ്കാരം എസ്സിഎംഎസ് വിദ്യാർത്ഥിയായ അശ്വിൻ എസ്.ന് ലഭിച്ചു. അദ്ദേഹത്തിന്റെ ഉജ്ജ്വലമായ പഠനപ്രവർത്തനങ്ങൾക്കും, മാനേജ്മെന്റ് മേഖലയിലേക്കുള്ള അവിസ്മരണീയ സംഭാവനകൾക്കുമാണ് അവാർഡ് ലഭിച്ചത്. 25,000 രൂപയുടെ ക്യാഷ് അവാർഡ് ഉൾപ്പെടുന്നതാണ് പുരസ്കാരം, എസിഎംഎസ് കൊച്ചിൻ സ്കൂൾ ഓഫ് ബിസിനസിന്റെ 32ാമത് വാർഷിക ബിരുദദാനച്ചടങ്ങിൽ അവാർഡ് വിതരണം ചെയ്തു.അക്കാദമിക് കഴിവ്, സമഗ്ര പ്രകടനം, മാനേജ്മെന്റ് മേഖലയിലേക്കുള്ള സംഭാവനകൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് അവാർഡ് ജേതാവിനെ തെരഞ്ഞെടുത്തത്. മാനേജ്മെന്റ് രംഗത്ത് തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച പി. കേശവന്റെ സ്മരണക്കായി ഏർപ്പെടുത്തിയ അവാർഡ് വിദ്യഭ്യാസത്തിലും തൊഴിൽ മേഖലകളിലും അതുല്യമായ നേട്ടങ്ങൾ കൈവരിക്കാൻ യുവ മനസ്സുകളെ പ്രചോദിപ്പിക്കുമെന്ന് കെഎംഎ പ്രസിഡന്റ് ബിബു പുന്നൂരാൻ പറഞ്ഞു.

## മാതൃദിന ക്യാമ്പയിനുമായി എബിസി

**കൊച്ചി:** അമ്മമാരോടുള്ള സ്നേഹവും ഇഷ്ടവും ഒരു ദിവസത്തിൽ ഒതുക്കേണ്ടതല്ലെന്ന സന്ദേശവുമായി ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ മാതൃദിന ക്യാമ്പയിൻ അവതരിപ്പിച്ചു. അമ്മമാർ ഓരോ ദിവസവും നൽകുന്ന അനന്തമായ സ്നേഹം, പരിചരണം, ഊർജം എന്നിവയ്ക്കുള്ള നന്ദിയും ഇഷ്ടവും ഒരു ദിവസത്തിനും യഥാർഥത്തിൽ പ്രതിഫലിപ്പിക്കാനും കഴിയില്ല. നമ്മുടെ പരിചാരകരായ അമ്മമാരെ തിരിച്ചും പരിചരിച്ചുകൊണ്ട് ഈ മാതൃദിനം ആഘോഷിക്കണമെന്നും ക്യാമ്പയിൻ ചൂണ്ടിക്കാട്ടുന്നു. ഇതിനായി കാലിഫോർണിയ ബദാം പോലുള്ള ആരോഗ്യ ഭക്ഷണങ്ങൾ അവർക്ക് സമ്മാനിക്കാം. പ്രോട്ടീൻ, സിങ്ക്, മഗ്നീഷ്യം, വിറ്റാമിൻ ഇ എന്നിവയുൾപ്പെടെ 15 അവശ്യ പോഷകങ്ങളുടെ സ്വാഭാവിക ഉറവിടമാണ് നട്സുകളുടെ രാജാവ് എന്നറിയപ്പെടുന്ന കാലിഫോർണിയ ബദാം. അമ്മമാരുടെ ദിനചര്യയിൽ ഒരുപിടി ബദാം ചേർക്കുന്നത് രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കാനും, ഹൃദയാരോഗ്യം നിലനിർത്താനും, തിളങ്ങുന്ന ചർമം പ്രോത്സാഹിപ്പിക്കാനും, ഭാരം നിയന്ത്രിക്കാനും, ഊർജം നൽകാനും സഹായിക്കുമെന്നും ക്യാമ്പയിൻ അവകാശപ്പെടുന്നു.

## ദൃശ്യമോഹനം ഷോർട്ട് ഫിലിം ഫെസ്റ്റിവൽ

**കൊച്ചി:** മലയാള സിനിമയിൽ പുതുവഴികൾ തുറന്ന സംവിധായകൻ മോഹന്റെ സ്മരണാർത്ഥം മോഹൻ ഫൗണ്ടേഷനും ചാവറ കൾച്ചർ സെന്ററിലെ ചാവറ ഫിലിം സ്കൂളും സഹകരിച്ച് ദൃശ്യമോഹനം ഷോർട്ട് ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നു. 5 മിനിറ്റ് മുതൽ 15 മിനിറ്റ് വരെ ദൈർഘ്യമുള്ള സിനിമകൾ മെയ് 15 വരെ സ്വീകരിക്കും. മലയാളത്തിലോ ഇംഗ്ലീഷിലോ ആയിരിക്കണം. ഗൂഗിൾ ഡ്രൈവ്, വി ട്രാൻസ്ഫർ, സെന്റ് ജിബി വഴി chavarafilmschool@gmail.com ലേക്ക് അയക്കാവുന്നതാണ്. മികച്ച സിനിമയ്ക്ക് ഒന്നാം സമ്മാനമായി പതിനായിരം രൂപയും രണ്ടാം സമ്മാനമായി 7000 രൂപയും മികച്ച സംവിധായകന് 5000 രൂപയും അവാർഡ് നൽകുന്നതാണ്. ജൂൺ 14,15 തീയതികളിൽ സംവിധായകൻ മോഹന്റെ ജന്മസ്ഥലമായ ഇരിങ്ങാലക്കുടയിൽ വച്ച് നടക്കുന്ന ദൃശ്യമോഹനം ഫിലിം ആൻഡ് ഡാൻസ് ഫെസ്റ്റിവലിൽ അവാർഡുകൾ സമ്മാനിക്കുമെന്ന് ഫെസ്റ്റിവൽ ചെയർപേഴ്സൺ അനുപമ മോഹനനും ഫെസ്റ്റിവൽ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി. എം. ഐ. യും അറിയിച്ചു വിശദ വിവരങ്ങൾക്ക് 9400068683 നമ്പറിൽ ബന്ധപ്പെടുക.

## സംസ്കൃത സർവ്വകലാശാലയിൽ റിസർച്ച് അസിസ്റ്റന്റ്

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യ ക്യാമ്പസിലെ സെന്റർ ഫോർ ട്രാൻസലേഷൻ സ്റ്റഡീസിൽ വിവർത്തനവുമായി ബന്ധപ്പെട്ട ഐ. സി. എസ്. എസ്. ആ!!!ർ. പദ്ധതിയിലേക്ക് റിസർച്ച് അസിസ്റ്റന്റിന്റെ ഒഴിവുണ്ട്. ബന്ധപ്പെട്ട മേഖലയിൽ 55% മാർക്കിൽ കുറയാതെ എം. എ., എം. ഫിൽ./പിച്ച്.ഡി., വിവർത്തനത്തിലും വിവർത്തന പഠന മേഖലയിലും പ്രവൃത്തി പരിചയം, കമ്പ്യൂട്ടർ പരിജ്ഞാനം, ടൈപ്പിംഗ് സ്കിൽ, ഫീൽഡ് വർക്കിനായി ഇന്ത്യയിലെവിടെയും യാത്ര ചെയ്യാനുള്ള സന്നദ്ധത എന്നീ യോഗ്യതകൾ ഉള്ളവർക്ക് അപേക്ഷിക്കാം. പ്രായം: 40 വയസ്സ്, പ്രതിമാസ വേതനം 37000/. പദ്ധതിയുടെ കാലാവധി ഒരു വർഷമാണ്. യോഗ്യരായവർ യോഗ്യതകൾ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി മെയ് 17ന് രാവിലെ 10ന് കാലടി മുഖ്യക്യാമ്പസിലുള്ള വിവർത്തന പഠന കേന്ദ്രത്തിൽ ഹാജരാകണമെന്ന് സർവ്വകലാശാല അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 7293278410.

# എ.എം.ആർ. പ്രതിരോധം: 450 ഫാർമസികളുടെ ലൈസൻസ് സസ്പെൻഡ് ചെയ്തു, 5 ലൈസൻസ് ക്യാൻസൽ ചെയ്തു

**തിരുവനന്തപുരം:** ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയാനുള്ള കാർസാപ്പിന്റെ ഭാഗമായി സംസ്ഥാനം ശക്തമായ നടപടികൾ സ്വീകരിക്കുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഡോക്ടറുടെ പ്രിസ്ക്രിപ്ഷൻ ഇല്ലാതെ ആന്റിബയോട്ടിക്കുകൾ മെഡിക്കൽ സ്റ്റോറുകളിൽ വിൽക്കാൻ പാടില്ല എന്ന സർക്കാർ നിർദ്ദേശം ഏതാണ്ട് പൂർണമായി നടപ്പാക്കാൻ കഴിഞ്ഞു. ഇതിന്റെ ഭാഗമായി 450 ഫാർമസികളുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുകയും 5 എണ്ണം ക്യാൻസൽ ചെയ്യുകയും ചെയ്തു. ശക്തമായ പ്രവർത്തനങ്ങളിലൂടെ കേരളത്തിൽ ആന്റിബയോട്ടിക്കുകളുടെ ഉപയോഗത്തിൽ 20 മുതൽ 30 ശതമാനം വരെ കുറവുണ്ടായി എന്നു മാത്രമല്ല ഉപയോഗിക്കപ്പെടുന്നത് തന്നെ താരതമ്യേന ഭീഷണി കുറഞ്ഞ ആന്റിബയോട്ടിക്കുകളാണ് എന്ന് ഉറപ്പാക്കാനും നമുക്ക് കഴിഞ്ഞിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

മന്ത്രിയുടെ നേതൃത്വത്തിൽ എഎംആർ ഉന്നതതലയോഗം ചേർന്നു. പാല്, ഇറച്ചി, മീൻ എന്നിവയിൽ ആന്റിബയോട്ടിക് അവശിഷ്ടം കണ്ടെത്തുന്നതിന് പരിശോധനകൾ ശക്തമാക്കാൻ യോഗം നിർദേശം നൽകി. കാലിത്തീറ്റകളിലേയും കോഴിത്തീറ്റകളിലേയും ആന്റിബയോട്ടിക്കുകളുടെ അളവ് കുറയ്ക്കാൻ സമഗ്രമായ നടപടി സ്വീകരിക്കാനും നിർദേശം നൽകി. കേരളത്തിലെ എല്ലാ ആശുപത്രികളേയും ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളാക്കുന്നതിന്റെ ഭാഗമായി ഒരു കളർ കോഡിംഗ് കൊണ്ടുവരാനും തീരുമാനമായി. 3 മാസത്തിനുള്ളിൽ എല്ലാ ആശുപത്രികളും ഇത് നടപ്പിലാക്കണം. ആന്റിബയോട്ടിക് സാക്ഷരതയുടെ ഭാഗമായി തദ്ദേശസ്ഥാപനങ്ങൾക്കുള്ള മാർഗരേഖ പുറത്തിറക്കാനും നിർദേശം നൽകി. ഈ മാർഗരേഖ അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കളർ കോഡ് ചെയ്യും. ഈ കളർ കോഡിന്റെ അടിസ്ഥാനത്തിൽ മൈക്രോപ്ലാൻ രൂപീകരിച്ച് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും ആന്റിബയോട്ടിക് സ്മാർട്ട് ആക്കാനുള്ള പ്രവർത്തനങ്ങൾ നടത്തണം.

ഇനിമുതൽ നിർബന്ധമായും ആന്റീബയോട്ടിക്കുകൾ തിരിച്ചറിയാനായി നീലക്കവറിൽ മാത്രമേ നൽകാൻ പാടുള്ളൂ. എല്ലാ ആശുപത്രികളും മെഡിക്കൽ സ്റ്റോറുകളും ഫാർമസികളും ഇത് നടപ്പിലാക്കണം. കൂടുതൽ ആശുപത്രികളെ ആന്റീബയോട്ടിക് സ്മാർട്ട് ആശുപത്രികളാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഐഎംഎ, എപിഐ, ഐഎപി, സിഐഡിഎസ് തുടങ്ങിയ സംഘടനകളുടെ സഹായത്തോടെ സ്വകാര്യ മേഖലയിലേയും പ്രവർത്തനം ശക്തിപ്പെടുത്തും. 4 ലക്ഷത്തിലധികം വീടുകളിൽ ആരോഗ്യ പ്രവർത്തകർ നേരിട്ടെത്തി അവബോധം നൽകി. ഈ വർഷം ഡിസംബറോടെ ആന്റിബയോട്ടിക് സാക്ഷരതയുള്ള സംസ്ഥാനമാക്കാനാണ് ലക്ഷ്യമിടുന്നത്.

ആദ്യമായി എറണാകുളം ജില്ല പുറത്തിറക്കിയ ഹബ്ബ് ആന്റ് സ്പോക്ക് മാതൃകയിലുള്ള ജില്ലാതല ആന്റിബയോഗ്രാം മറ്റ് ജില്ലകളും ഘട്ടംഘട്ടമായി പുറത്തിറക്കാൻ മന്ത്രി നിർദേശം നൽകി. കാലഹരണപ്പെട്ടതും ഉപയോഗശൂന്യമായതുമായ മരുന്നുകൾ ശാസ്ത്രീയമായി ശേഖരിച്ച് സംസ്കരിക്കുന്നതിനായി സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് കോഴിക്കോട് നടപ്പിലാക്കിയ എൻപ്രൗഡ് സംസ്ഥാന വ്യാപകമാക്കുന്നതാണ്. 2018ൽ ഒരു എഎംആർ ലാബ് മാത്രമാണ് ഉണ്ടായിരുന്നത്. സംസ്ഥാനത്ത് കഴിഞ്ഞ രണ്ടുവർഷം കൊണ്ട് എല്ലാ ജില്ലകളിലും എഎംആർ ലാബുകൾ സ്ഥാപിക്കാനായി. ഈ ലാബുകളിലൂടെ ഓരോ മാസവും 10,000 ഓളം സാമ്പിളുകൾ ഹബ്ബ് ആന്റ് സ്പോക്ക് മാതൃകയിൽ പരിശോധിച്ചു വരുന്നു. ഇതിലൂടെ സംസ്ഥാനമൊട്ടാകെ 185 ഓളം സ്പോക്ക് ആശുപത്രികളിൽ നിന്ന് കൾച്ചർ സാമ്പിളുകൾ ജില്ലാ എഎംആർ ലാബുകളിൽ പരിശോധിക്കുന്നുണ്ട്.ആന്റിബയോട്ടിക്ക് മരുന്നുകൾ ദുരുപയോഗം ചെയ്യുന്നതിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളിൽ കേരളം മാതൃകയെന്ന് പ്രമുഖ പരിസ്ഥിതി സംഘടനയായ സെന്റർ ഫോർ സയൻസ് എൻവയൺമെന്റ് (സിഎസ്ഇ) അടുത്തിടെ റിപ്പോർട്ട് ചെയ്തിരുന്നു. ദ്വിതീയ തലത്തിലേയും പ്രാഥമിക തലത്തിലേയും എഎംആർ സർവൈലൻസ് നടത്തുന്ന ഏക സംസ്ഥാനം കൂടിയാണ് കേരളം. 59 ത്രിതീയ ആശുപത്രികളിൽ കാർസ്നെറ്റ് ശൃംഖല വ്യാപിപ്പിക്കാൻ സാധിച്ചു.സയന്റിഫിക് അഡ്വൈസർ ഡോ. എം.സി. ദത്തൻ, ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, മറ്റ് വകുപ്പ് മേധാവികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.




# ജാഗ്രതയിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം: സുരക്ഷയും ശക്തമാക്കി

**വിഴിഞ്ഞം:** ജാഗ്രതാ നിർദേശത്തിനിടയിലും തടസങ്ങളില്ലാതെ പ്രവർത്തനം തുടർന്ന് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. കപ്പലുകളുടെ വരവിനെയും കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിൻറെയും വലിയ തിരക്കിലാണ് തുറമുഖം.

ഇന്നലെ വരെ അടുത്ത 294 കപ്പലുകളിൽ നിന്നായി 6.15 ലക്ഷം കണ്ടെയ്നറുകളും കൈകാര്യം ചെയ്തു. തുറമുഖം യാഥാർഥ്യമായതോടെ ഇന്ത്യയുടെ തന്ത്ര പ്രധാന മേഖലകളിൽ ഒന്നായി മാറിയ വിഴിഞ്ഞത്തിൻറെ സുരക്ഷയും പ്രത്യേക സാഹചര്യം കണക്കിലെടുത്ത് വർധിപ്പിച്ചു. കേന്ദ്ര സേനയുടെ സേവനമില്ലാത്തതിനാൽ തുറമുഖ സെക്യൂരിറ്റി ജീവനക്കാരെക്കൊണ്ടു സുരക്ഷ കൂടുതൽ ശക്തമാക്കി. തുറമുഖത്തിനുള്ളിൽ സെക്യൂരിറ്റിക്കാരും പുറത്തു ക്യാമ്പിൽ നിന്നുള്ളപോലീസുകാരും സുരക്ഷക്കായി രംഗത്തുണ്ട്.

പുറമേ നിന്നുള്ളവരുടെ സന്ദർശനം പൂർണമായി നിർത്തലാക്കി. ജീവനക്കാരെയും കർശന നിരീക്ഷണത്തിനു ശേഷമാണ് കടത്തിവിടുന്നത്. അദാനിയുടെ ടഗ്ഗിൽ സെക്യൂരിറ്റി ജീവനക്കാർക്കൊപ്പം തീരദേശ പോലീസും സുരക്ഷയൊരുക്കാൻ രംഗത്തുണ്ട്.

കൂടാതെ കടലിലെ ഏതു സാഹചര്യവും നേരിടാൻ തയാറെടുത്തു തീര സംരക്ഷണസേന, അവധിയിൽ പോയ സേനാംഗങ്ങളെ തിരിച്ച് വിളിച്ചു പൂർണമായ അംഗ സംഖ്യ നിലനിർത്തി. ഇനിയൊരറിയിപ്പ് വരുന്നതുവരെ ആർക്കും അവധി അനുവദിക്കില്ലെന്നും അധികൃതർ അറിയിച്ചു. സൈനികർക്ക് റെ ഡ് അലർട്ടും നൽകിയിട്ടുണ്ട്. കൂറ്റൻ യുദ്ധക്കപ്പലായ അനഘ് ഉൾപ്പെടെ വിഴിഞ്ഞത്തെ പട കപ്പലുകളുടെ പെട്രോളിംഗും ശക്തമാക്കിയിട്ടുണ്ട്.

തങ്ങളുടെ അധികാരപരിധിയായ തീരത്തുനിന്ന് 22 നോട്ടിക്കൽ ഉൾക്കടൽ വരെ നിരീക്ഷണം തുടരുന്നതായും അധികൃതർ അറിയിച്ചു. റഡാറിൻറെ സഹായത്തോടെ എല്ലാത്തരം കടൽ യാനങ്ങളെയും തീര സംരക്ഷണ സേന നിരീക്ഷിക്കുന്നുണ്ട്. നേവിയുടെ കൂറ്റൻ പടക്കപ്പലുകളുടെ ഉൾക്കടൽ അരിച്ചുപെറുക്കലും തുടരുന്നതായി അധികൃതർ അറിയിച്ചു.

കൂടാതെ കോവളം, വിഴിഞ്ഞം മേഖലയിൽ വരുന്ന പ്രധാന സ്ഥാപനങ്ങൾക്കും ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. കടലിനുപരി കരയും അധികൃതർ നിരീക്ഷണത്തിനു വിധേയമാക്കുന്നുണ്ട്. സംശയകരമായി കാണുന്നവരെ ചോദ്യം ചെയ്യാൻ പോലീസും രംഗത്തിറങ്ങി.

# ട്രൈബൽ കമ്യൂണിറ്റിക്ക് ആദരമൊരുക്കി കൊച്ചി ലുലുമാൾ; റാംപിൽ ചുവടുവച്ച് കാടിന്റെ മക്കൾ



**കൊച്ചി:** കാടിന്റെ മക്കളുടെ സ്വപ്നം നിറവേറ്റി റാംപിൽ വിപ്ലവം സൃഷ്ടിച്ച് കൊച്ചി ലുലുമാളിലെ ഫാഷൻ വേദി. ലുലു ഫാഷൻ വീക്കിന്റെ ഉദ്ഘാടന വേദിയിൽ തരംഗമായത് ട്രൈബൽ സമൂഹത്തിലെ കൗമാരക്കാരുടെ ചുവടുവയ്പ്പായിരുന്നു. ലുലു ഫാഷൻ വീക്ക് 2025ന്റെ ഉദ്ഘാടന വേദിയിലാണ് അടിമാലിയിലെ ആദിവാസി ഊരിൽ നിന്നുള്ള കൗമാരക്കാർ ചുവടുവച്ചത്. സൃഷ്ടി വാക്ടുറിമമ്പർ ആശയത്തിൽ ഒരുക്കിയ ഫാഷൻ ഷോയിൽ റാംപിലേക്ക് ചുവടുവച്ച് കൗമാരങ്ങൾ എത്തിയപ്പോൾ സദസും കയ്യടിച്ച് സ്വീകരിച്ചു. കേരളം ഇതുവരെ കണ്ട ഫാഷൻ സങ്കൽപ്പങ്ങളെ പൊളിച്ചെഴുതി കൊണ്ടാണ് ഏറ്റവും ചേർത്ത് നിർത്തപ്പെടുന്ന ട്രൈബൽ സമൂഹത്തിലെ കൗമാരക്കാരെ ഫാഷൻ റാംപിലേക്ക് എത്തിച്ചത്. ഉദ്ഘാടന ചടങ്ങിൽ ഹൈബി ഈഡൻ എം.പി മുഖ്യാതിഥിയായപ്പോൾ ഇരട്ടി ആവേശം. ട്രൈബൽ സമൂഹത്തിലെ കൗമാരക്കാരോടൊപ്പം എം.പിയും ഫാഷൻ റാംപിൽ ചുവടുവച്ചു. സ്റ്റൈലിസ്റ്റും മോഡലുമായ ഡാലു കൃഷ്ണദാസിന്റെ നേതൃത്വത്തിൽ ലുലുവിൽ നിന്നുള്ള പ്രതിനിധികൾ അടിമാലി ഊരിലെത്തി കാണുകയും ഫാഷൻ വീക്കിനെ കുറിച്ചുള്ള കാഴ്ചപ്പാടുകൾ അവതരിപ്പിക്കുകയും ചെയ്തതോടെയാണ് ഊരിന്റെ മക്കൾ ലുലു ഫാഷൻ റാംപിലേക്ക് എത്തുന്നത്. അന്താരാഷ്ട്ര മോഡലുകൾക്കൊപ്പം ഊരിന്റെ മക്കളും ചുവടുവച്ചത് ചരിത്രമായി മാറി. റാംപിലേക്ക് കളിചിരികളോടെ ചുവടുവച്ച രണ്ട് വയസുകാരി മിടുക്കിയും സദസിന്റെ പ്രശംസ പിടിച്ചുപറ്റി. ട്രൈബൽ സമൂഹത്തെ മുഖ്യധാരയിലെത്തിക്കാൻ ലുലു സ്വീകരിച്ച നടപടി പ്രശംസനീയാർഹമാണെന്ന് ഹൈബി ഈഡൻ എം.പി പറഞ്ഞു.

സമൂഹത്തിന്റെ ഏറ്റവും വെല്ലുവിളി നേരിടുന്ന വിഭാഗത്തെ പരിഗണിക്കുകയും അവരെ മുഖ്യധാരയിലേക്ക് എത്തിക്കാൻ പ്രചോദനം നൽകുക എന്ന സന്ദേശത്തോടെയാണ് ലുലു ഫാഷൻ വീക്ക് ഏറ്റവും പുതിയ എഡിഷന് വ്യത്യസ്തത സമ്മാനിച്ചത്. സൃഷ്ടി വാക്ടുറിമമ്പർ തീമിനായി ഇവരെ കൊച്ചിയിൽ എത്തിച്ച് വിദഗ്ധ പരിശീലനം നൽകുകയും ചെയ്തിരുന്നു. ഫാഷൻ ഷോയും റാംപ് വാക്ക് അടക്കമുള്ള പരിശീലനവും രണ്ട് ദിവസം കൊണ്ട് പൂർത്തിയാക്കിയാണ് സംഘത്തിലെ പെൺകുട്ടികളും ആൺകുട്ടികളും റാംപിലെത്തിയത്. ലുലു ഫാഷനിൽ നിന്ന് തങ്ങൾക്ക് ഇഷ്ടപ്പെട്ട വസ്ത്രം തിരഞ്ഞെടുത്താണ് കൗമാരക്കാർ ഫാഷൻ വേദിയിൽ തിളങ്ങിയത്. ചടങ്ങിൽ ഹൈബി ഈഡൻ എം.പി ലുലു ഫാഷൻ വീക്കിന്റെ ഭാഗമായ അടിമാലിയിലെ കൗമാരക്കാർക്ക് സമ്മാനം നൽകി ആദരിച്ചു. ലുലു ഗ്രൂപ്പ് ഇന്ത്യ സി.ഒ.ഒ രജിത് രാധാകൃഷ്ണന്, കൊച്ചി റീജണൽ ഡയറക്ടർ സാദിഖ് ഖാസിംകുട്ടികൾക്കും ഊര് മൂപ്പനും ഉപഹാരം സമ്മാനിച്ചു. ഷോ ഡയറക്ടർഡാലു കൃഷ്ണദാസിനെ ചടങ്ങിൽ അനുമോദിച്ചു.

വിവിധ ബ്രാൻഡുകൾക്ക് വേണ്ടി ഇന്ത്യയിലെ പ്രമുഖ മോഡലുകൾ റാംപിൽ ചുവടുവയ്ക്കും. എല്ലാ ദിവസവും വൈകീട്ട് 4.30 ന് ഫാഷൻ ഷോ തുടങ്ങും. മാറുന്ന ഫാഷൻ സങ്കൽപ്പങ്ങളെ പരിചയപ്പെടുത്തുന്ന വേറിട്ട അവസരമാകും ലുലു ഫാഷൻ വീക്ക് സമ്മാനിക്കുക. ഫാഷൻ, എന്റർടെയ്ൻമെന്റ്, റീട്ടെയ്ൽ മേഖലകളിൽ നിന്നുള്ള നിരവധി പ്രമുഖരും ഷോയിൽ ഭാഗമാകും. ഫാഷൻ രംഗത്തെ ആകർഷകമായ സംഭാവനകൾ മുൻനിർത്തി ഫാഷൻ ടൈറ്റിലുകളും, ഫാഷൻ അവാർഡുകളും അരങ്ങേറും. ഷോ ഡയക്ടറും സ്റ്റൈലിസ്റ്റുമായ ഷയ് ലോബോ ആണ് ലുലു ഫാഷൻ ഷോ ഡയറക്ടർ. മെയ് 11 ഞായറാഴ്ച ഫാഷൻ വീക്ക് സമാപിക്കും.




# ഗ്ലോബൽ അക്സസ് ടു ടാലന്റ് ഫ്രം ഇന്ത്യയ്ക്ക് തുടക്കമിട്ട് ഗോദ്റെജ് ഫൗണ്ടേഷൻ

**കൊച്ചി:** ഗോദ്റെജ് ഫൗണ്ടേഷൻ, കൺവർജൻസ് ഫൗണ്ടേഷൻ, മനീഷ് സബർവാൾ എന്നിവർ സംയുക്തമായി ആരംഭിച്ച നോൺ പ്രോഫിറ്റ് ഫൗണ്ടേഷനായ ഗ്ലോബൽ അക്സസ് ടു ടാലൻറ് ഫ്രം ഇന്ത്യ (ഗതി) ഫൗണ്ടേഷൻ പ്രവർത്തനമാരംഭിച്ചു. വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കർ മുഖ്യാതിഥിയായ ചടങ്ങിൽ കേന്ദ്ര നൈപുണ്യ വികസന സംരംഭകത്വ സഹമന്ത്രി (സ്വതന്ത്ര ചുമതല)യും വിദ്യാഭ്യാസ സഹമന്ത്രിയുമായ ജയന്ത് ചൗധരി വിശിഷ്ടാതിഥിയായി പങ്കെടുത്തു.2030ഓടെ ഉയർന്ന വരുമാനമുള്ള സമ്പദ്ഘടനകളിൽ 4550 ദശലക്ഷം വിദഗ്ദ്ധഅർധ വിദഗ്ദ്ധ തൊഴിലാളികളുടെ അപര്യാപ്തത അനുഭവപ്പെടും എന്ന കണക്കുകൂട്ടലുകളുടെ പശ്ചാത്തലത്തിൽ ഇന്ത്യയെ ആഗോള ടാലൻറ് ഹബ് ആയി വളർത്തുക എന്ന ലക്ഷ്യവുമായാവും ഫൗണ്ടേഷൻ പ്രവർത്തിക്കുക. സർക്കാരുകൾ, ബിസിനസുകൾ, ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണം പ്രോൽസാഹിപ്പിച്ച് ഇന്ത്യൻ തൊഴിലാളികൾക്ക് അന്താരാഷ്ട്ര തൊഴിൽ വിപണിയിലെ അവസരങ്ങൾ തുറന്നു കൊടുക്കാൻ ഇതു സഹായകമാകും. വിദേശ അമ്പാസിഡേർമാർ, ഉയർന്ന സർക്കാർ ഉദ്യോഗസ്ഥർ, മുൻനിര വ്യവസായ പ്രതിനിധികൾ തുടങ്ങിയവരും ചടങ്ങിൽ സംബന്ധിച്ചു. ഉയർന്ന വരുമാനമുള്ള രാജ്യങ്ങളിൽ 2030ഓടെ 50 ദശലക്ഷം തൊഴിലാളികളുടെ കുറവുണ്ടാകുമ്പോൾ കൃത്യമായി നിയന്ത്രിക്കപ്പെടുന്ന കുടിയേറ്റ മാർഗങ്ങളിലൂടെ ഈ സാധ്യതകൾ പ്രയോജനപ്പെടുത്താനും അഭിവൃദ്ധി പ്രദാനം ചെയ്യാനും വ്യക്തികൾക്ക് മാന്യമായ അവസരങ്ങൾ ലഭ്യമാക്കാനും ഗതിക്കു സാധിക്കുമെന്ന് ഗോദ്റെജ് ഫൗണ്ടേഷൻ സിഇഒ ഒമർ മോമിൻ പറഞ്ഞു. നിലവിൽ ഏഴു ലക്ഷത്തോളം ഇന്ത്യക്കാരാണ് വിദേശത്തേക്കു കുടിയേറുന്നതെങ്കിലും ഇതിൽ 60 ശതമാനവും ഗൾഫ് രാജ്യങ്ങളിലേക്കാണെന്ന് ദി കൺവർജൻസ് ഫൗണ്ടേഷൻ സ്ഥാപക സിഇഒ അഷീഷ് ദവാൻ പറഞ്ഞു. വാർഷിക കുടിയേറ്റം 22.5 ദശലക്ഷമാക്കി ഉയർത്താനുള്ള യഥാർത്ഥ അവസരമാണു നമുക്കു ലഭിച്ചിരിക്കുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

# ജിങ്കുഷാൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** നിർമാണ മേഖലയ്ക്കുള്ള യന്ത്രങ്ങളുടെ കയറ്റുമതിയിലെ മുൻനിരക്കാരായ, ഉപകമ്പനികളിലൂടെ യുഎഇയിലും യുഎസിലും സാന്നിദ്ധ്യമുള്ള ജിങ്കുഷാൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് (ജെകെഐപിഎൽ) പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടു രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. ഓഹരി ഒന്നിന് പത്ത് രൂപ മുഖവിലയുള്ള 86.5 ലക്ഷം പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ പത്ത് (10) ലക്ഷം ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജിവൈആർ ക്യാപിറ്റൽ അഡ്വൈസേഴ്സ് പ്രൈവറ്റ് ലിമിറ്റഡാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ.

# കല്യാൺ ജൂവലേഴ്സിന് 25,045 കോടി രൂപ വിറ്റുവരവ്

**കൊച്ചി:** 2025 സാമ്പത്തിക വർഷത്തിൽ കല്യാൺ ജൂവലേഴ്സ് ഇന്ത്യ ലിമിറ്റഡിന്റെ വിറ്റുവരവ് മുൻവർഷത്തെ 18,516 കോടി രൂപയിൽ നിന്ന് 25,045 കോടി രൂപയായി വർധിച്ചു. മുൻ വർഷത്തെ അപേക്ഷിച്ചു 35 ശതമാനം വർദ്ധനവ്. 2025 സാമ്പത്തിക വർഷത്തിൽ ആകമാന ലാഭം 714 കോടി രൂപയാണ്. കഴിഞ്ഞ വർഷം അത് 596 കോടി രൂപ ആയിരുന്നു.2025 സാമ്പത്തിക വർഷത്തിലെ നാലാം പാദത്തിൽ ആകമാന വിറ്റുവരവ് 6182 കോടി രൂപയാണ് ആകമാന ലാഭം 188 കോടി രൂപ. വളർച്ച യഥാക്രമം 37 ശതമാനവും 36 ശതമാനവും.നാലാം പാദത്തിൽ ഇന്ത്യയിൽ നിന്നുള്ള വിറ്റുവരവ് 5350 കോടി രൂപ ആണ്. ഈ പാദത്തിൽ ഇന്ത്യയിൽ നിന്നുള്ള ലാഭം 185 കോടി രൂപയാണ്. വളർച്ച യഥാക്രമം 38 ശതമാനവും 41 ശതമാനവും.ഗൾഫ് മേഖലയിൽ നാലാം പാദത്തിൽ കമ്പനിയുടെ വിറ്റുവരവ് 784 കോടി രൂപയായി ഉയർന്നു. ഈ പാദത്തിൽ ഗൾഫ് മേഖലയിൽ നിന്നുള്ള ലാഭം 12 കോടി രൂപയാണ്. വളർച്ച യഥാക്രമം 26 ശതമാനവും 22 ശതമാനവും.കമ്പനിയുടെ ലൈഫ് സ്റ്റൈൽ ബ്രാൻഡായ കാൻഡിയറിൻറെ നാലാം പാദ വിറ്റുവരവ് 28 കോടി രൂപയാണ്. 12 കോടി രൂപ നഷ്ടം രേഖപ്പെടുത്തി.കമ്പനിയുടെ 2025 സാമ്പത്തിക വർഷ ഫലങ്ങൾ വളരെ സംതൃപ്തി നൽകുന്നതാണെന്നും പുതിയ സാമ്പത്തിക വർഷത്തിൻറെ ആദ്യ പാദത്തിൽ വിവാഹ പർച്ചേസുകളിലും അക്ഷയ തൃതീയ ദിനത്തിലും പ്രോത്സാഹജനകമായ മുന്നേറ്റത്തിനാണ് കമ്പനി സാക്ഷ്യം വഹിക്കുന്നതെന്നും കല്യാൺ ജൂവലേഴ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ രമേശ് കല്യാണരാമൻ പറഞ്ഞു .



# കരിയർ പോഡ് കാസ്റ്റ് ആരംഭിച്ച് ഐഐടി മദ്രാസ് പ്രൊഫസർ മഹേഷ് പഞ്ചഗുള

**കൊച്ചി:** ശാസ്ത്ര സാങ്കേതിക രംഗത്തെ വിദ്യാർത്ഥികൾക്കുള്ള കരിയർ ഓപ്ഷനുകൾക്ക് ഊന്നൽ നൽകിക്കൊണ്ട് പോഡ്കാസ്റ്റ് പരമ്പര ആരംഭിച്ച് ഐഐടി മദ്രാസ് പ്രൊഫസർ മഹേഷ് പഞ്ചഗ്നുള. വിവിധ വിഷയങ്ങളിലെ വിവിധ സാധ്യതകളെക്കുറിച്ച് വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും അറിവ് വളർത്താനും ശാസ്ത്രം, എഞ്ചിനീയറിംഗ്, സാങ്കേതിക വിദ്യ മേഖലകളിലെ കരിയർ ചോയിസുകൾ സുപരിചിതമാക്കുവാനും ലക്ഷ്യമിടുന്നതാണ് പോഡ്കാസ്റ്റ്. ഇത്തരത്തിലുള്ള ആദ്യത്തെ പോഡ്കാസ്റ്റ് പരമ്പരയായ പ്രൊഫ. മഹേഷ് പോഡ്കാസ്റ്റ്' ആഴ്ച്ചതോറും ഓരോ പുതിയ എപ്പിസോഡ് അവതരിപ്പിക്കും. സ്പോട്ടിഫൈ, യൂട്യൂബ്, ആപ്പിൾ പോഡ്കാസ്റ്റ് എന്നിവ പോലുള്ള എല്ലാ പ്രമുഖ പ്ലാറ്റ്ഫോമുകളിലും പോഡ്കാസ്റ്റ് ലഭിക്കും.

വിശ്വസനീയവും അപ്ടുഡേറ്റുമായ മാർഗ്ഗ നിർദ്ദേശം നൽകിക്കൊണ്ട്, ഈ പോഡ്കാസ്റ്റ് ആധുനിക വിദ്യാഭ്യാസ രീതികളിൽ തീരുമാനമെടുക്കുന്നതിൽ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും അധ്യാപകർക്കും അനിവാര്യമായ അറിവ് ലഭിക്കുമെന്ന് ഉറപ്പാക്കുന്നു. വിദഗ്ദ്ധരുടെ അഭിമുഖങ്ങൾ, വിദ്യാർത്ഥികളുടെ ചോദ്യോത്തരവേള തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ഐഐടി മദ്രാസിലെ സെൻറർ ഓഫ് എക്സലൻസ് ഓൺ സ്പോർട്ട്സ് സയൻസ് ആൻഡ് അനലിറ്റിക്സിൻറെ മേധാവിയാണ് പ്രൊഫ. മഹേഷ് പഞ്ചഗ്നുള.



# കേരളത്തിൽ 55% വില്പന വളർച്ച നേടി ഓപ്പോ എഫ്29 സീരീസ്

**കൊച്ചി:** ഓപ്പോ ഇന്ത്യ പുതുതായി പുറത്തിറക്കിയ എഫ്29 സീരീസ് വിപണിയിൽ. കേരളത്തിൽ ആദ്യ 21 ദിവസത്തെ വിൽപ്പന കാലയളവിൽ, എഫ്29 സീരീസ് 55% വില്പന വളർച്ച കൈവരിച്ചു, ഇത് മേഖലയിൽ അതിൻറെ വർദ്ധിച്ചുവരുന്ന ജനപ്രീതിയ്ക്കും ശക്തമായ ഡിമാൻഡിനും അടിവരയിടുന്നതാണെന്ന് കമ്പനി അധികൃതർ അറിയിച്ചു.സോളിഡ് പർപ്പിൾ, ഗ്ലേസിയർ ബ്ലൂ എന്നീ രണ്ട് ആകർഷകമായ കളർ വേരിയന്റുകളിലാണ് ഓപ്പോ എഫ്29 5ജി പുറത്തിറക്കിയി രിക്കുന്നത്. 8 ജിബി റാമും 128 ജിബി സ്റ്റോ റേജുമുള്ള മോഡലിന് 23,999 രൂപയാണ് വില 256 ജിബി സ്റ്റോറേജുള്ള ഉയർന്ന വേരിയന്റ് തിരഞ്ഞെടുക്കുകയാണെങ്കിൽ 25,999 രൂപയായിരിക്കും വില എച്ച്ഡിഎ ഫ്സി, ആക്സിസ്, എസ്ബിഐ ബാങ്ക് കാർഡുകൾ ഉപയോഗിച്ച് വാങ്ങുകയാണെ ങ്കിൽ 10 ശതമാനം വിലക്കിഴിവ് ഉടൻ ലഭിക്കുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.





# ബ്രിട്ടാനിയ ദി ലാഫിംഗ് കൗ വിപണിയിൽ

**കൊച്ചി:** ബ്രിട്ടാനിയ ദി ലാഫിംഗ് കൗ ചീസ് വിപണിയിൽ. രാജ്യത്തെ ചീസ് പ്രേമികൾക്ക് ക്രീമിയർ രുചി, മൃദുലമായ ഘടന, മികച്ച ഗുണനിലവാരം എന്നിവ നൽകുന്ന പുതിയ രൂപത്തിലാണ് ദി ലാഫിംഗ് കൗ ചീസ് വിപണിയിലെത്തിയിരിക്കുന്നതെന്ന് ബ്രിട്ടാനിയ ബെൽ ഫുഡ്സ് ഡയറി & സിഇഒ, ചീഫ് ബിസിനസ് ഓഫീസർ അഭിഷേക് സിൻഹ പറഞ്ഞു. മഹാരാഷ്ട്രയിലെ രഞ്ജൻഗാവിലുള്ള ബ്രിട്ടാനിയ ബെൽ ഫുഡ്സിൻറെ പുതിയ അത്യാധുനിക പ്ലാന്റിൽ ഫ്രഞ്ച് ചീസും ഇന്ത്യൻ പാചകക്കുറിപ്പുകളും സംയോജിപ്പിച്ചാണ് ഉൽപ്പന്നം നിർമിക്കുന്നത്. ആഗോളതലത്തിൽ ലഭ്യമായ സാങ്കേതികവിദ്യ ഉപയോഗിച്ച് ഇന്ത്യയിൽ നിർമ്മിച്ച ഈ ഉൽപ്പന്നം പാക്കേജിംഗിലും പുതുമകളോടെയാണ് വിപണിയിലിറക്കിയിരിക്കുന്നത്.

പ്രോട്ടീൻ, കാൽസ്യം, വിറ്റാമിനുകളായ എ, ഡി, ബി12 എന്നിവയാൽ സമ്പുഷ്ടമാണ് പുതിയ ഉൽപ്പന്നം. സ്ലൈസുകൾ, ക്യൂബുകൾ, ബ്ലോക്കുകൾ, സ്പ്രെഡ്, ഡൈസ്ഡ്, ട്രയാംഗിളുകൾ, സാഷെകൾ എന്നീ രൂപത്തിൽ ബ്രിട്ടാനിയ ദി ലാഫിംഗ് കൗ ചീസ് ലഭ്യമാണ്. 100% പ്രാദേശികമായി ലഭിക്കുന്ന ചേരുവകൾ ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്. ശുചിത്വം, സുരക്ഷ, സുസ്ഥിരത എന്നിവ ഉറപ്പാക്കിയാണ് ഓരോ ഉൽപ്പന്നവും ഉൽപാദിപ്പിക്കുകയും പാക്കേജ് ചെയ്യുകയും ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞു.

# ബീന ബീഗം മലബാർ സിമന്റ്സ് ഇൻഡിപെൻഡൻറ് ഡയറക്ടർ



**കൊച്ചി:** മലബാർ സിമന്റ് സിന്റെ ഇൻഡിപെൻഡൻറ് ഡയറക്ടർ ആയി ബീനാ ബീഗം നിയമിതയായി. ചാർട്ടേർഡ് അക്കൗണ്ടന്റ് ആയ ഇവർ കെഎസ്ആർടിസി ജനറൽ മാനേജർ, എപിജെ അബ്ദുൽ കലാം ടെക്നോളജിക്കൽ സർവകലാശാലയിൽ ഫിനാൻസ് ഓഫീസർ, എഫ് ഐ ടി , എസ് ഐ എഫ് എൽ തുടങ്ങിയ കേരള സർക്കാർ കമ്പനികളിലും ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് എറണാകുളം ചാപ്റ്ററിലെ മാനേജിംഗ് കമ്മിറ്റി അംഗവുമാണ്




# വിഷൻ എഐ അവതരിപ്പിച്ച് സാംസങ്

**കൊച്ചി:** സാംസങ് വിപ്ലവകരമായ സാംസങ് വിഷൻ എഐ സാങ്കേതിക വിദ്യ ഇന്ത്യൻ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നു. നിയോ ക്യുഎൽഇഡി 8കെ, നിയോ ക്യുഎൽഇഡി 4കെ ഒഎൽഇഡി, ക്യുഎൽഇഡി ടിവികൾ, ദി ഫ്രെയിം ലൈനപ്പ് എന്നിവയുടെ അൾട്രാ പ്രീമിയം 2025 മോഡലുകളിലൂടെയാണ് ഈ സാങ്കേതികവിദ്യ ഇന്ത്യൻ വിപണിയിലേക്ക് എത്തുക. പുതുതലമുറ എഐ സാങ്കേതികവിദ്യയുടെ സമാനതകളില്ലാത്ത ഹോം എന്റർടൈൻമെന്റ് അനുഭവം പ്രദാനം ചെയ്യുന്ന പുതിയ സാംസങ് വിഷൻ എഐയാണ് ഈ ലോഞ്ചിന്റെ കാതൽ. നൂതന സാങ്കേതികവിദ്യയായ സാംസങ് വിഷൻ എഐ പരമാവധി പ്രകടനം പുറത്തെടുക്കാനും വ്യക്തിഗതമായ അനുഭവം നൽകാനുമായി എഐ വഴി മെച്ചപ്പെടുത്തിയ ചിത്രങ്ങളും മികച്ച ശബ്ദവും ചേർത്തിണക്കുന്നു. സാംസങ് വിഷൻ എഐ മൂന്ന് അടിസ്ഥാന ഘടകങ്ങളിലാണ് രൂപപ്പെടുത്തിയിരിക്കുന്നത്. ഉള്ളടക്കത്തിനും ചുറ്റുപാടിനും അനുയോജ്യമായ വിപുലവും ആഴത്തിലുള്ളതുമായ അൽഗോരിതങ്ങൾ ഉപയോഗിച്ച് എഐ മോഡ് ചിത്രങ്ങളുടെ നിലവാരവും ശബ്ദവും തത്സമയം ഒപ്റ്റിമൈസ് ചെയ്യുന്നു. എല്ലായിപ്പോഴും അതിശയിപ്പിക്കുന്ന ദൃശ്യങ്ങളും മികച്ച ഓഡിയോയും ഉറപ്പാക്കുകയും ചെയ്യുന്നു.കാലക്രമേണ ഉപഭോക്താക്കളുടെ മുൻഗണനകൾ പഠിച്ചുകൊണ്ട് മികച്ചതും കൂടുതൽ ബുദ്ധിപരവുമായ ഫലങ്ങൾ നൽകി ഉള്ളടക്കങ്ങൾ കണ്ടെത്താനും ക്രമീകരിക്കാനും എഐ സഹായിക്കുന്നു. മൾട്ടി ഡിവൈസ് കണക്റ്റിവിറ്റി ടിവിയെ സ്മാർട്ട് ഫോണുകൾ, ടാബ്ലെറ്റുകൾ, മറ്റ് സ്മാർട്ട് ഉപകരണങ്ങൾ എന്നിവയുമായി സുഗമമായി ബന്ധിപ്പിക്കുന്നു. ഇത് സാംസങ് ആവാസവ്യവസ്ഥയിലുടനീളം അനായാസമായ ഉള്ളടക്കങ്ങൾ പങ്കിടാനും നിയന്ത്രിക്കാനും തുടരാനും അവസരമൊരുക്കുന്നുവെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.



# കൊൽക്കത്തയിൽ നൂതന വെഹിക്കിൾ സ്ക്രാപിംഗ് ഫെസിലിറ്റിയുമായി ടാറ്റ മോട്ടോർസ്

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ വാണിജ്യ വാഹന നിർമാതാക്കളായ ടാറ്റ മോട്ടോർസിന്റെ നവീന വെഹിക്കിൾ സ്ക്രാപിംഗ് ഫെസിലിറ്റി കൊൽക്കത്തയിൽ പ്രവർത്തനമാരംഭിച്ചു. ടാറ്റ മോട്ടോർസിന്റെ ഇന്ത്യയിലെ എട്ടാമത് ആർവിഎസ്എഫാണിത്. റീസൈക്കിൾ വിത്ത് റെസ്പെക്ട് എന്ന് പേരിട്ടിരിക്കുന്ന ഫെസിലിറ്റിയിൽ അതിനൂതന സംവിധാനങ്ങളിലൂടെ സുസ്ഥിരതയും സുരക്ഷയും ഉറപ്പാക്കിക്കൊണ്ട് കാലാവധിയെത്തിയ 21,000 വാഹനങ്ങൾ പ്രതിവർഷം പൊളിച്ചുനീക്കുവാൻ സാധിക്കും. ടാറ്റ മോട്ടോർസിന്റെ പങ്കാളികളായ സെല്ലാഡൽ സിനർജീസ് ഇന്ത്യ പ്രൈ. ലി ആണ് കൊൽക്കത്തയിലെ ആർവിഎസ്എഫിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. എല്ലാ ബ്രാൻഡുകളിലുമുള്ള പാസഞ്ചർ, വാണിജ്യ വാഹനങ്ങളും ടൂ വീലർ, ത്രീ വീലർ വാഹനങ്ങളും കാലാവധി പൂർത്തിയാകുമ്പോൾ പൊളിച്ചുനീക്കുവാനുള്ള സംവിധാനങ്ങൾ ഈ ഫെസിലിറ്റിയിൽ സജ്ജമാണ്. പശ്ചിമബംഗാൾ ഗതാഗത വകുപ്പ് മന്ത്രി സ്നേഹാസിസ് ചക്രബർത്തി, ഓൺലൈനായി പരിപാടിയിൽ പങ്കെടുത്ത നഗര വികസന വകുപ്പ് മന്ത്രി , കൊൽക്കത്ത മേയർ ഫിർഹാദ് ഹക്കിം , ഗതാഗത വകുപ്പ് സെക്രട്ടറി ഡോ. സൗമിത്ര മോഹൻ ഐഎഎസ്, ടാറ്റ മോട്ടോർസ് കൊമേഴ്ഷ്യൽ വെഹിക്കിൾസ് ട്രക്ക്സ് വൈസ് പ്രസിഡന്റ് & ബിസിനസ് ഹെഡ് രാജേഷ് കൗൾ, തുടങ്ങിയവർ ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുത്തു. കൊൽക്കത്തയ്ക്ക് പുറമേ ജയ്പൂർ, ഭുവനേശ്വർ, സൂറത്ത്, ഛണ്ഡിഗഡ്, ഡൽഹി എൻസിആർ, പൂനൈ, ഗുവാഹട്ടി എന്നിവിടങ്ങളിലാണ് ടാറ്റ മോട്ടോർസിന് വെഹിക്കിൾ സ്ക്രാപ്പിംഗ് ഫെസിലിറ്റികൾ ഉള്ളത്.

# കെഎഫ്സി ഓപ്പൺ കിച്ചൻ ടൂർ സംഘടിപ്പിച്ചു

**തിരുവനന്തപുരം:** പ്രത്യേക ഓപ്പൺ കിച്ചൺ ടൂർ സംഘടിപ്പിച്ച് കെഎഫ്സി. കെഎഫ്സി അടുക്കളയിലേക്ക് ഓപ്പൺ കിച്ചൻ ടൂറിലൂടെ ടീമിനെ കാണാനും ഉയർന്ന ഗുണമേന്മയുള്ള ചേരുവകൾ ചേർത്ത് തയ്യാറാക്കി രുചികരമായ ഭക്ഷണമായി മാറുന്നത് എങ്ങനെയെന്ന് നേരിട്ട് കാണാനും അവസരമൊരുക്കി. കെഎഫ്സിയുടെ മുഖമുദ്രയായ സൂക്ഷ്മ പ്രക്രിയകളും കർശനമായ ശുചിത്വ മാനദണ്ഡങ്ങളും നേരിട്ട് കാണുന്നതിന് കെഎഫ്സി ഓപ്പൺ കിച്ചൻ ടൂറുകൾ കുറച്ച് വർഷങ്ങളായി നടത്തിവരുന്നുണ്ട്. മൂന്ന് പതിറ്റാണ്ടിലേറെയായി ഇന്ത്യയിലുള്ള കെഎഫ്സി, അവരുടെ സിഗ്നേച്ചർ വിഭവങ്ങൾ കൊണ്ട് ഏറെ ശ്രദ്ധനേടിയട്ടുണ്ട്. കെഎഫ്സി മെനുവിലെ ഐക്കോണിക്ക് വിഭവങ്ങളായ ഹോട്ട് & ക്രിസ്പി ചിക്കൻ, ഹോട്ട് വിംഗ്സ്, ബോൺലെസ് ഡിലൈറ്റുകളായ ചിക്കൻ പോപ്കോൺ, പെരി പെരി ബോൺലെസ് ചിക്കൻ സ്ട്രിപ്സ്, വിവിധ തരം സിംഗർ ബർഗറുകൾ, റോൾസ്, റൈസ് ബൗൾസ് എന്നിവ ഏവരെയും ആകർഷിക്കുന്നവയാണ്.

# ലെക്സസ് ഇന്ത്യ എൽഎം 350എച്ച് ബുക്കിംഗ് വീണ്ടും ആരംഭിച്ചു



**കൊച്ചി:** ഫ്ളാഗ്ഷിപ്പ് മോഡലായ ലെക്സസ് എൽഎം 350എച്ചിന്റെ ബുക്കിംഗ് വീണ്ടും ആരംഭിച്ചു. രാജ്യത്തുടനീളമുള്ള ആഡംബര കാർ പ്രേമികൾക്കിടയിൽ ഈ മോഡലിനായുള്ള വർധിച്ചുവരുന്ന ആവശ്യകതയാണ് ലെക്സസ് എൽഎം 350എച്ച് വീണ്ടും വിപണിയിലിറക്കുന്നതിന് കാരണമായതെന്ന് ലെക്സസ് ഇന്ത്യ അറിയിച്ചു. നാല് സീറ്റർ, ഏഴ് സീറ്റർ കോൺഫിഗറേഷനുകളിൽ ലഭിക്കുന്ന 350എച്ച് ഏറ്റവും മികച്ച യാത്രാനുഭവം നൽകുന്നതിനായി നൂതന ഹൈബ്രിഡ് സാങ്കേതികവിദ്യയാണ് ഉപയോഗിച്ചിരിക്കുന്നത്.ലെക്സസ് ഇന്ത്യ എല്ലാ പുതിയ ലെക്സസ് മോഡലുകൾക്കും 8 വർഷം / 160,000 കിലോമീറ്റർ വാഹന വാറന്റി അവതരിപ്പിച്ചു. കൂടാതെ, ലെക്സസ് ഇന്ത്യ അടുത്തിടെ ലെക്സസ് ലക്ഷറി കെയർ സേവന പാക്കേജ് അവതരിപ്പിച്ചു, അതുപ്രകാരം 3 വർഷം / 60,000 കിലോമീറ്റർ അല്ലെങ്കിൽ 5 വർഷം / 100,000 കിലോമീറ്റർ അല്ലെങ്കിൽ 8 വർഷം / 160,000 കിലോമീറ്റർ എന്നിവയിൽ ലഭ്യമായ കംഫർട്ട്, റിലാക്സ്, പ്രീമിയർ ഓപ്ഷനുകൾ ഉൾപ്പെടുന്നു.ലെക്സസ് എൽഎം 350എച്ചിനായുള്ള തങ്ങളുടെ ഉപഭോക്താക്കളുടെ ക്ഷമയോടെയുള്ള കാത്തിരിപ്പിനും നൽകിവരുന്ന പിന്തുണയ്ക്കും ഉത്സാഹത്തിനും തങ്ങൾ നന്ദിയുള്ളവരാണെന്ന് ലെക്സസ് ഇന്ത്യ പ്രസിഡന്റ് ഹിക്കാരു ഇക്യൂച്ചി പറഞ്ഞു. ഒമോട്ടെനാഷിയുടെ ജാപ്പനീസ് തത്വചിന്തയിൽ അധിഷ്ഠിതമായി ഓരോ പ്രവൃത്തിയും ഏറ്റവും മികച്ച ബഹുമാനവും അതിഥി പരിചരണവും പ്രതിഫലിപ്പിക്കുന്നുവെന്ന് ഉറപ്പാക്കിയാണ് ലെക്സസ് പ്രവർത്തിക്കുന്നതെന്ന് കമ്പനി വ്യക്തമാക്കുന്നു.

# മാംഗോ മാനിയ സ്റ്റോർ അവതരിപ്പിച്ച് ആമസോൺ

**കൊച്ചി:** ആമസോൺ ഇന്ത്യ വേനൽകാലത്തിനു വേണ്ടി ആമസോൺ ഫ്രഷിന്റെ പ്രത്യേകം ഒരുക്കിയ മാംഗോ മാനിയ സ്റ്റോർ അവതരിപ്പിച്ചു.വിശ്വസ്തരായ 260+ കർഷകരിൽ നിന്ന് നേരിട്ട് ശേഖരിക്കുന്ന 10 അധികം ഇനം മാമ്പഴങ്ങൾ സുരക്ഷിതമായി പഴുപ്പിച്ചതും, കാർബൈഡ് രഹിതവുമാണെന്ന് കമ്പനി അധികൃതർ അറിയിച്ചു.ക്വാളിറ്റി വാൾസ്, നെസ്കഫെ, റിയൽ, കൊക്കകോള, മിൽക്കി മിസ്റ്റ്, പ്ലക്ക്, ലെയ്സ് തുടങ്ങിയ ടോപ്പ് ബ്രാൻഡുകളിൽ ഉപഭോക്താക്കൾക്ക് സമ്മർ എസെൻഷ്യൽസിൻറെ വിശാലമായ ശ്രേണിയിൽ 40% വരെ കിഴിവ് ലഭ്യമാകുമെന്നും കമ്പനി അധികൃതർ അറിയിച്ചു.

# കേരളത്തിൽ ചുവടുറപ്പിക്കാൻ റിവർ; രണ്ടാം സ്റ്റോർ തിരുവനന്തപുരത്ത്

**തിരുവനന്തപുരം:** ഇലക്ട്രിക് സ്കൂട്ടർ നിർമാതാക്കളായ റിവർ കേരളത്തിലെ തങ്ങളുടെ രണ്ടാമത്തെ സ്റ്റോർ തിരുവനന്തപുരത്ത് ആരംഭിച്ചു. ഇൻഡൽ വീൽസ് എൽഎൽപി ഡീലർഷിപ്പുമായി സഹകരിച്ചാണ് പാപ്പനംകോട് 1375 സ്ക്വയർഫീറ്റ് വിസ്തീർണമുള്ള റിവർ സ്റ്റോർ പ്രവർത്തനമാരംഭിച്ചിരിക്കുന്നത്. ഇൻഡി, ആക്സസറികൾ, മറ്റ് മെർക്കന്റൈസുകൾ എന്നിവ ഉൾപ്പെടെയുള്ളവയെല്ലാം ഉപഭോക്താക്കൾക്ക് റിവർ സ്റ്റോറിൽ നിന്നും നേരിട്ട് സ്വന്തമാക്കാം. കേരളത്തിൽ റിവറിന്റെ സാന്നിധ്യം കൂടുതൽ വിപുലീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ തങ്ങൾ നടത്തിവരികയാണെന്ന് റിവറിന്റെ സഹസ്ഥാപകനും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ അരവിന്ദ് മണി പറഞ്ഞു. ഇതിന്റെ ഭാഗമായി 2025 സെപ്തംബർ ആകുമ്പോഴേക്കും തൃശൂർ, കൊല്ലം, പാലക്കാട്, കോഴിക്കോട് എന്നീ നഗരങ്ങളിൽ ഉൾപ്പെടെ 10 പുതിയ സ്റ്റോറുകൾ റിവർ ആരംഭിക്കുമെന്നും അരവിന്ദ് മണി പറഞ്ഞു. കേരളത്തിലെ കൊച്ചി, തിരുവനന്തപുരം എന്നീ സ്ഥലങ്ങൾക്ക് പുറമേ ബാംഗ്ലൂർ, ഹൈദരാബാദ്, ചെന്നൈ, കോയമ്പത്തൂർ, മൈസൂർ, തിരുപ്പതി, വെല്ലൂർ, പൂനൈ എന്നിങ്ങനെ രാജ്യത്താകെ 21 ഔട്ട്ലറ്റുകൾ റിവറിനുണ്ട്. സെപ്തംബർ 2025 ആകുമ്പോഴേക്കും കൊച്ചിയിൽ മറ്റൊരു സ്റ്റോറുൾപ്പടെ 10 പുതിയ സ്റ്റോറുകൾ കേരളത്തിലും, ഇന്ത്യയിൽ മൊത്തം 60 സ്റ്റോറുകളുമാണ് റിവർ ലക്ഷ്യം വയ്ക്കുന്നത്. 1,42,999 രൂപയാണ് ഇൻഡിയുടെ തിരുവനന്തപുരം എക്സ്ഷോറൂം വില. സ്റ്റോർ സന്ദർശിച്ച് ഇൻഡി ടെസ്റ്റ് ഡ്രൈവ് ചെയ്യുവാനും ബുക്ക് ചെയ്യുവാനും ഉപഭോക്താക്കൾക്ക് സാധിക്കും. ഒപ്പം മറ്റ് ആക്സസറികളും മെർക്കന്റൈസുകളും പരിചയപ്പെടുകയും വാങ്ങിക്കുകയും ചെയ്യാം.

തിരുവനന്തപുരത്ത് പാപ്പനംകോട് കൈമനം കെഎസ്ആർടിസി സെൻട്രൽ വർക്ക്സിന് എതിർവശത്തായാണ് റിവർ ഷോറൂം സജ്ജമാക്കിയിരിക്കുന്നത്.

# കെ.എസ്.ഐ.എൻ.സിയ്ക്ക് 42 ലക്ഷം അറ്റാദായം

**കൊച്ചി:** സംസ്ഥാന കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പിന്റെ കീഴിൽ കൊച്ചി കേന്ദ്രമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.എൻ.സി.) തുടർച്ചയായ മൂന്നാം വർഷവും ലാഭത്തിൽ പ്രവർത്തിക്കുന്നതായി മാനേജിംഗ് ഡയറക്ടർ അറിയിച്ചു. 202425 സാമ്പത്തിക വർഷം കമ്പനിയുടെ ആകെ വിറ്റുവരവ് 30.5 കോടി രൂപയും അറ്റാദായം 42 ലക്ഷം രൂപയുമാണ്.

ജലവാഹനങ്ങളുടെ തേയ്മാനചെലവും മറ്റു നിയമപരമായ വ്യവസ്ഥകൾക്കുമായി 2024 25 സാമ്പത്തിക വർഷം 5.5 കോടിയോളം രൂപ മാറ്റി വെക്കേണ്ടി വന്നെങ്കിലും ദീർഘനാളായി നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനം 2023, 24, 25 സാമ്പത്തിക വർഷങ്ങളിൽ ലാഭത്തിൽ പ്രവർത്തിക്കുവാൻ സാധിച്ചു എന്നും മാനേജിംഗ് ഡയറക്ടർ അറിയിച്ചു.




**നാഷണൽ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് കൗൺസിൽ കമ്മിറ്റിയുടെ ബിസിനസ്സ് ഐക്കൺ അവാർഡ് കേന്ദ്ര ഭക്ഷ്യസംസ്കരണവ്യവസായ വകുപ്പ് കാബിനറ്റ് മന്ത്രി ചിരാഗ് പാസ്വാനിൽ നിന്നും ജസ്പെയ്ഡ് റിയൽ എസ്റ്റേറ്റ് ആൻഡ് സിൽവർലീഫ് ബിൽഡേഴ്സ് മാനേജിംഗ് ഡയറക്ടർ നിഷാദ് അബുബക്കർ ഏറ്റുവാങ്ങുന്നു. ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ.യൂസഫലി സമീപം.**

# സംരംഭകർക്ക് ആദരമൊരുക്കി എൻഐഡിസി

**കൊച്ചി;** നാഷണൽ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് കൗൺസിൽ കമ്മിറ്റി (എൻ ഐ ഡി സി സി) അങ്കമാലി അഡ്ലക്സ് ഇന്റർനാഷണൽ കൺവൻഷൻ സെന്ററിൽ സംഘടിപ്പിച്ച ഇൻഡെക്സ് 2025ൽ മാതൃകാപരമായ സംരംഭകത്വ മികവ് പുലർത്തിയ സംരംഭകരെ ആദരിച്ചു. എൻ.ഐ.ഡി.സി.സിയുടെ നാഷണൽ ലെൻഡിംഗ് പാർട്ട്ണറായ ഐ.സി.എൽ ഫിൻകോർപ്പ് സി.എം.ഡി. അഡ്വ. കെ.ജി.അനിൽ കുമാർ, ജസ്പെയ്ഡ് റിയൽ എസ്റ്റേറ്റ് ആൻഡ് സിൽവർലീഫ് ബിൽഡേഴ്സ് മാനേജിംഗ് ഡയറക്ടർ നിഷാദ് അബുബക്കർ, എൻ.ഐ.ഡി.സി.സി അഡ്മിനിസ്ട്രേറ്റർ എസ്.വാസുദേവ് എന്നിവരെയാണ് കേന്ദ്ര ഭക്ഷ്യസംസ്കരണവ്യവസായ വകുപ്പ് കാബിനറ്റ് മന്ത്രി ചിരാഗ് പാസ്വാൻ ആദരിച്ചത്. ചടങ്ങിൽ ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ.യൂസഫലി മുഖ്യാതിഥിയായിരുന്നു.

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
Liva KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com